വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി

*695(695) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്തു നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ എന്തൊക്കെ ഭേദഗതികൾ വരുത്തണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത് എന്നറിയിക്കുമോ ;

(സി) ഇതു സംബന്ധിച്ച് ലിഡാ ജേക്കബ് കമ്മിറ്റി റിപ്പോർട്ടിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത് ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.ഇ.ആർ.-ൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട)-നെ കമ്മീഷനായും നിയമിച്ചു.

(ബി) എന്തൊക്കെ ഭേദഗതികൾ വരുത്തണമെന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) അനുബന്ധമായി വയ്ക്കുന്നു.*

(ഡി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കാൻ നിയോഗിച്ച ശ്രീ. സി. പി. നായർ കമ്മിറ്റി റിപ്പോർട്ടും കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് ശിപാർശ നൽകാൻ നിയോഗിച്ച ശ്രീമതി ലിഡാജേക്കബ് കമ്മീഷൻ റിപ്പോർട്ടും പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ ശിപാർശ ചെയ്യാനായി പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി പി. വസന്ത കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ ശ്രീ. എൻ. ത്യാഗരാജൻ ശ്രീ. ജോൺ ബ്രിട്ടോ, ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. ജെ. ശശി, ശ്രീ. എൻ. ശ്രീകുമാർ, ശ്രീ. സി. ഉസ്മാൻ എന്നിവരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly